# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.3933 — 24.08.2017-ൽ മറുപടിയ്ക്ക്

## എറണാകളത്ത് ചലച്ചിത്ര വികസന കോർപ്പറേഷന് സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 622/1-ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോളവില ഈടാക്കിയോ, പാട്ടത്തിനോ അനുവദിക്കാമെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 622/1-ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോളവില ഈടാക്കിയോ, പാട്ടത്തിനോ അനുവദിക്കാമെന്ന രീതിയിൽ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പശ്ചിമ കൊച്ചിയുടെ ഹൃദയ ഭാഗമായ തോപ്പുംപടിയിൽ രാമേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 610/1 ൽ പ്പെട്ട 45 സെന്റോളം വരുന്ന സർക്കാർ ഭൂമിയിൽ ആധുനിക തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ബഹു എം എൽ എ യുടെ ആവശ്യം പരിശോധിക്കുകയും ടി സ്ഥലം കെ എസ് എഫ് ഡി സി യ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി കൈമാറുകയാണെങ്കിൽ തീയേറ്റർ നിർമ്മാണ പദ്ധതിയിൽ പ്രസ്തുത സ്ഥലത്തെയും പരിഗണിയ്ക്കാവുന്നതാണ് എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിനായി നിശ്ചിത പ്രൊഫോർമ യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ